പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2053 17.12.2012 - ൽ മറുപടിയ്ക്ക്

**മനോളി കെ. മൊയ്തു ഹാജിയുടെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| നാദാപുരം സ്റ്റേഷൻ പരിധിയിൽ മനോളി കെ. മൊയ്തു ഹാജിയുടെ മരണവുമായി ബന്ധപ്പെട്ട് ആക്ഷൻ കമ്മിറ്റി നൽകിയ പരാതിയിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ മനോളി കെ. മൊയ്തു ഹാജിയുടെ മരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ക്രൈം നം. 150/12 കേസ് നാദാപുരം അഡീഷണൽ എസ്.ഐ. അന്വേഷണം നടത്തി വരവെ മൊയ്തു ഹാജിയുടെ മരണത്തിൽ ദുരൂഹത ഉണ്ടെന്ന് നാട്ടുകാർ സംശയം പ്രകടിപ്പിക്കുകയും ടി കേസിൽ സമഗ്ര അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് കേരള പ്രവാസി സംഘം നാദാപുരം മണ്ഡലം സെക്രട്ടറി ശ്രീ. കെ.റ്റി.കെ. ഭാസ്കരൻ നൽകിയ പരാതിയെ തുടർന്ന് ടി കേസിന്റെ അന്വേഷണം നാദാപുരം പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ടി കേസിൻ മേൽ 27 ഓളം സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇതുവരെയുള്ള അന്വേഷണത്തിൽ നിന്നും ആക്ഷൻ കമ്മിറ്റി പ്രകടിപ്പിച്ചതായ സംശയങ്ങൾ സാധൂകരിക്കത്തക്ക യാതൊരു തെളിവുകളും ലഭിച്ചിട്ടില്ലാത്തതാണ്. കൂടാതെ അന്വേഷണ മദ്ധ്യേ 27 -ാം സാക്ഷിയായ വടകര സി.എം. ആശുപത്രി സൈക്യാട്രിസ്റ്റ് കൺസൽട്ടന്റായ ഡോക്ടർ സി. പ്രകാശ്, മരണപ്പെട്ട മൊയ്തു ഹാജിയെ സ്ഥിരമായി ചികിത്സിക്കുന്ന ആളാണെന്നും മൊയ്തു ഹാജി ആത്മഹത്യ പ്രവണത കൂടുതലായിട്ടുള്ള മാനസിക രോഗി ആണെന്നും മൊഴി നൽകിയിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം തുടർന്ന് വരികയാണ്. |

സെക്ഷൻ ഓഫീസർ